പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5146** **27/06/2019-ൽ മറുപടിക്ക്**

**അയിലൂർ, വടവന്നൂർ ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി**

**ചോദ്യം**
ശ്രീ.കെ. ബാബു

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെന്മാറ നിയോജകമണ്ഡലത്തിലെ അയിലൂർ, വടവന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ നയം. പ്രസ്തുത നയം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷം 10 ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുമ്പോൾ പ്രസ്തുത പഞ്ചായത്തുകളെയും പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.